**കേരള സർക്കാർ**

സംഗ്രഹം

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.10.2017 ലെ OA(EKM) 2255/2017 നം. ഉത്തരവ് പാലിച്ച് ഇടുക്കി ജില്ലാ പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ. ആർ. സന്തോഷ് കുമാർ, കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സഉ(ആർ.ടി) നം.142/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം, 16/01/2018**

---

പരാമർശം :
1) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.10.2017 ലെ OA(EKM) 2255/2017 നം. ഉത്തരവ്
2) ശ്രീ. ആർ. സന്തോഷ് കുമാർ, സീനിയർ ഗ്രേഡ് ഡ്രൈവറുടെ 09.09.2017 ലെ അപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 31.10.2017, 29.12.2017 തീയതികളിലെ ഇ 14-15049/2017 നം. കത്ത്.
4) സ.ഉ(കൈ) നം. 191/2017/പൊഭവ തീയതി, 07.06.2017.

**ഉത്തരവ്**

ഇടുക്കി ജില്ലാ പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ. ആർ. സന്തോഷ് കുമാർ, കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ച OA(EKM) 2255/2017 നം. അപേക്ഷയിൽ പരാമർശം (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള 12.10.2017 -ലെ ഉത്തരവിൽ അപേക്ഷകൻ സമർപ്പിച്ച അനക്സർ എ 1 നിവേദനം പരിഗണിച്ച് അപേക്ഷകനെ നേരിൽ കേൾക്കുന്നതിന് അവസരം നല്കി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ച് അപേക്ഷ തീർപ്പാക്കിയിരുന്നു. പരാമർശം (2) പ്രകാരം ശ്രീ. ആർ. സന്തോഷ് കുമാർ സമർപ്പിച്ച അപേക്ഷയിൽ (അനക്സർ എ 1 നിവേദനം) ടിയാളുടെ കുടുംബത്തിലെ സഹതാപാർഹമായ കാരണങ്ങളാൽ ടിയാൾക്ക് കൊല്ലം ജില്ലയിലെ കൊല്ലം ജില്ലാ പഞ്ചായത്തിലോ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലോ അല്ലെങ്കിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലോ സ്ഥലംമാറ്റം നൽകണമെന്ന് ആവശ്യപ്പെട്ടു. ഇടുക്കി ജില്ലാപഞ്ചായത്ത് ഓഫീസിൽ ഡ്രൈവർ (സീനിയർ ഗ്രേഡ്) തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. സന്തോഷ് കുമാർ ടിയാൾക്ക് കൊല്ലം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നതായും എന്നാൽ കൊല്ലം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിശ്ചിതശതമാന പരിധിയിൽ ഒഴിവില്ല എന്ന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നതിനാൽ ടിയാന്

അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിരുന്നില്ലെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെ നേരിൽ കേട്ടു. അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് കൊല്ലം ജില്ലയിൽ നിശ്ചിതശതമാന പരിധിയിൽ ഒഴിവില്ല. പരാമർശം (4) ലെ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിൽ ഡ്രൈവർ തസ്തികയിൽ അടുത്തതായി ഉണ്ടാകുന്ന 2 ഒഴിവുകൾ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകുന്നതിനായി റിസർവ് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊല്ലം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് നിശ്ചിതശതമാനം പരിധിയിൽ ഒഴിവില്ലാത്തതിനാൽ ഇടുക്കി ജില്ലാ പഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ. ആർ. സന്തോഷ് കുമാർ കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ച അനക്സർ എ 1 നിവേദനത്തിലെ ആവശ്യം നിരസിച്ചുത്തരവാകുന്നു. പരാമർശം (4) ലെ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിൽ ഡ്രൈവർ തസ്തികയിൽ റിസർവ് ചെയ്തിട്ടുള്ള ഒഴിവുകൾക്ക് ശേഷം അടുത്തതായി ഒണ്ടാകുന്ന ഒഴിവിൽ ശ്രീ. ആർ. സന്തോഷ് കുമാറിനെ, അന്തർജില്ലാ സ്ഥലംമാറ്റംഅനുവദിക്കുന്നതിനുള്ള നിശ്ചിതശതമാനം പരിധി പാലിച്ച്കൊണ്ട് ടിയാളുടെ യോഗ്യതയ്ക്ക് വിധേയമായി സ്ഥലംമാറ്റം അനുവദിക്കുന്നതിന് പരിഗണിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നല്കിയും ഉത്തരവാകുന്നു.

OA(EKM) 2255/2017 നമ്പർ അപേക്ഷയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള 12.10.2017 -ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്.വി.പി**

**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (അനുബന്ധ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ജില്ല.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, ഇടുക്കി ജില്ല.
ശ്രീ. ആർ. സന്തോഷ് കുമാർ, സീനിയർ ഗ്രേഡ് ഡ്രൈവർ, ഇടുക്കി ജില്ലാ പഞ്ചായത്ത്.
(സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത് മുഖേന)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/147/2017/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ